Sri. A. K. Patchu Pillai: I move:

In clause 2 sub-clause (*d*) substitute the definition in (1) of "person interested" by the following:

"Person interested" means (1) every Hindu who declare himself as a believer in temples worship and is entitled to attend at or is in the habit of attending the performance of worship or service in the temple or who is entitled to partake or is in the habit of partaking in the benefit of the distribution of gifts thereat".

ഇതിനു് മുമ്പിലത്തെ ഭേദഗതി ഹാജരാക്കിക്കൊണ്ടു് ശ്രീ. കെ. പി. നിലകണ്ഠപ്പിള്ള പറഞ്ഞതു് ഒരു അവകാശമെന്ന നിലയിൽ ക്ഷേത്രസന്ദർശനം നടത്തുന്ന ആളുകളും ക്ഷേത്രത്തിലെ പ്രസാദം മുതലായവ ലഭിക്കുന്നതിനു് അർഹതയുള്ള, അല്ലെങ്കിൽ ക്ഷേത്രസന്ദർശനം മുറക്കു നടത്തിക്കൊണ്ടിരിക്കുന്ന ആളുകളും "ഇൻറെറസ്റ്റെഡ്" എന്നുള്ള നിർവ്വചനത്തിൽ വരുമെന്നാണു്. "ബാൺ ഹിന്ദു" ആയിരുന്നാലും പോരാ ആരാധനയിൽ വിശ്വാസമുള്ളവനും കൂടി ആയിരിക്കണം, ആ ഹിന്ദു എന്നാണു്. ഒരടികൂടി മുന്നോട്ടുപോയി ഞാൻ പറയുന്നതു്, ക്ഷേത്രപ്രവേശനത്തിനുള്ള അവകാശം മാത്രംപോരാ, ക്ഷേത്രസന്ദർശനം മുറയ്ക്കു് നടത്തിക്കൊണ്ടിരുന്നാലും പോരാ, വിശ്വാസംകൂടി ഉണ്ടായിരിക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് നിർവ്വചനം കൊടുത്തിരിക്കുന്നതു്.

DISCUSSION UNDER RULE 26

Re. import of copra and oil from Ceylon

Mr. Speaker: Order, order. There is to be a discussion under Rule 26 according to the notice given by Sri. M. I. Paul on a matter of public importance which arose out of the answer to starred question No. 46 of the 21st March 1950 re.i mport of copra and oil from Ceylon. Mr. Paul.

Sri. M. I. Paul: If the Speaker will give me time to make this motion on a later date, I have no objection.

Mr. Speaker: Does the Hon'ble Member wish to move it now or on a later date?

Sri. M. I. Paul: I leave it to you, Sir.

Mr. Speaker: If the member wants to move it on a later date, the same motion may be sent up on a fresh notice.

Sri. M. I. Paul: Then I shall move it now.

സർ, മാർച്ചു് ൨൧-ാംതീയതിയിലെ ൪൬-ാം നമ്പർ ചോദ്യത്തെ ആശ്രയിച്ചുള്ള ഒരു വിഷയമാണിതു്. സിലോൺ കൊപ്രായും വെളിച്ചെണ്ണയും ഇൻഡ്യയിലേക്കു് ഇറക്കാൻ പോകുന്ന വിവരം കേരകർഷകർക്കു് മനസ്സിലായ അവസരത്തിൽ അവരുടെ പരാതികൾ ഗവൺമെണ്ടിന്റെ അടുക്കൽ ഒരു മെമ്മോറാണ്ടമായി സമർപ്പിക്കുകയുണ്ടായി. അതേ അവസരത്തിൽത്തന്നെ ശ്രീ. ഉദയഭാനു നവംബർ ൨൯-ാംതീയതിയിരുപ്രമേയം ഇതുസംബന്ധിച്ചു് ഈ സഭയിൽ അവതരിപ്പിക്കുകയും ഉണ്ടായി. അദ്ദേഹം കേരകർഷകർക്കുണ്ടായിട്ടുള്ള പരാതികളേയും ആക്ഷേപങ്ങളേയും ക്രോഡീകരിച്ചു പലതും പ്രതിപാദിക്കയുണ്ടായി. ഗവൺമെണ്ടു് അതിനുത്തരമായി പല ആശ്വാസങ്ങളും കേരകർഷകർക്കു് കൊടുക്കത്തക്കതരത്തിലുള്ള മെമോടികളും പറഞ്ഞതല്ലാതെ സിലോൺ ഗവൺമെണ്ടും ഇൻഡ്യാ ഗവൺമെണ്ടുമായി ഉടമ്പടികളിലൊന്നും ഏർപ്പെട്ടിട്ടില്ലെന്നും അതു് ആലോചനയിൽ ഇരിക്കുകയാണെന്നും അതുസംബന്ധിച്ചു് ഒരു മെമ്മോറാണ്ടം നമ്മുടെ ഗവൺമെണ്ടു് ഇൻഡ്യാഗവൺമെണ്ടിനു് സമർപ്പിക്കുവാൻ പോകുന്നുവെന്നും ഈ സഭയെ ധരിപ്പിക്കുകയും ചെയ്തു. ഇതിനിടയ്ക്കു് ശ്രീ. ഇയ്യു അടയ്ക്കായും സിലോണിൽനിന്നും ഇൻഡ്യയിലേക്കു കടത്താൻ പോകുന്നോ എന്നു ചോദിച്ചതിനു് അതിനും വേണ്ട പരിഹാരം ചെയ്യുന്നുണ്ടെന്നു പറയുകയുണ്ടായി. എന്നാൽ ഈ മെമോടി ഗവൺമെണ്ടിൽനിന്നും കിട്ടിയ അവസരത്തിൽ കേരകർഷകർക്കും ഈ സഭയിലെ അംഗങ്ങൾക്കും വളരെ ആശ്വാസം തോന്നിയെങ്കിലും ഒക്ടോബർ ൨൫-ാംതീയതി ഇരു ഗവൺമെണ്ടുകളും തമ്മിൽ എഗ്രിമെൻറു് നടന്നിരുന്നുവെന്നുള്ള സംഗതി നമ്മുടെ ഗവൺമെണ്ടു് അറിഞ്ഞിരുന്നില്ലെന്നുള്ളതു് വ്യസനസമേതം ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. ആ എഗ്രിമെൻറിൽ ൨,൦൦൦ ടൺ കൊപ്രായും, ൫,൭൦൦ ടൺ അടയ്ക്കായും ഇൻഡ്യയിലേയ്ക്കു് ഇറക്കാമെന്നു ഉല്ലേശിച്ചിട്ടുണ്ടു്. കൂടാതെ ആ എഗ്രിമെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly

[Sri. M. I. Paul]

തന്നെ ഏതു ലക്ഷം റാത്തൽ തുൽ സിലോണിലേയ്ക്ക് അയയ്ക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവിടത്തെ മത്സ്യവ്യവസായികൾ തുൽ കിട്ടുന്നില്ലെന്നുള്ള പരാതി പലപ്പോഴും പുറപ്പെടുവിച്ചുകൊണ്ടിരിക്കയാണ്. ആ നിലയിൽ നമ്മുടെ ഗവമ്മെണ്ട് വേണ്ടതു വേണ്ട സമയത്തു ചെയ്യാതിരുന്നതു വളരെ കഷ്ടമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഗവമ്മെണ്ട് വേണ്ട അവസരത്തിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ ജനങ്ങൾക്ക് ആശ്വാസകരമായിട്ടുള്ള ഒരു നില ഉണ്ടാകുമായിരുന്നു. അതിൽ ഗവമ്മെണ്ട് ശരിയായ സമയത്തു പ്രവർത്തിച്ചില്ലെന്നു എനിക്കു പറയുവാൻ കഴിയും. ഇന്നു കേരകർഷകർ നാട്ടിന്റെ നട്ടെല്ലാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് മേലാലെങ്കിലും ഗവമ്മെണ്ട് ഇങ്ങനെയുള്ള കാര്യങ്ങളിൽ വേണ്ട അവസരത്തിൽ വേണ്ടതു പ്രവർത്തിക്കണമെന്നു് അപേക്ഷിക്കുന്നു.

Sri. C. V. Iyyu: May I know whether the Government are aware that the same agreement contains 4,800 tons of arecanut or betel-nut, which will be imported into India from Ceylon? It has been specifically mentioned that they are going to import that quantity. This will undoubtedly affect the arecanut growers of the State especially in the northern part of Travancore and the northern part of Cochin. There is at present and import duty of 5 annas per pound on the imported betel-nuts. The betel-nut grower is even now in great trouble and is at a loss. May I know whether Government are going to take any steps in that direction? Will they be pleased at least to address the Government of India to raise the import duty to Re. 1 per pound?

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഈ ഗവമ്മെണ്ട് നാളികേര കൃഷിക്കാരുടെ ആശ്രയത്തെ പുരസ്കരിച്ചു ഒന്നും സമയത്തു ചെയ്തില്ലെന്ന ഒരാരോപണത്തോടുകൂടിയാണു ശ്രീമാൻ പാപ്പു അവർകളും അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിച്ചതു്. അതു് തെറ്റാണെന്ന അടിയന്തിരപ്രമേയം അവതരിപ്പിച്ചു് അതിനെ സംബന്ധിച്ചു് ഇവിടെ വാദപ്രതിവാദം നടത്തിയപ്പോൾതന്നെ ഞാൻ സൂചിപ്പിക്കുകയുണ്ടായി. നവംബർ രണ്ടാംവാരത്തിൽ ഈ ഗവമ്മെണ്ടിൽനിന്നും ഇൻഡ്യാ ഗവമ്മെണ്ടിനോടു് ഈ വിവരങ്ങളും സംബന്ധിച്ചു്, അതായതു് സിലോണും ഇൻഡ്യാ ഗവമ്മെണ്ടും തമ്മിൽ ഉണ്ടാകാനിടയുണ്ടെന്നറിയുന്ന ടെയിഡ് എഗ്രിമെൻറിൽ ഈ രാജ്യത്തെ നാളികേര കൃഷിക്കാരുടെ താല്പര്യങ്ങളെ സംരക്ഷിക്കത്തക്ക നിലയിലുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തണമെന്നും അതിലേക്കു് ഈ ഗവമ്മെണ്ടിന്റെ അഭിപ്രായം ആരായണമെന്നും എഴുതി അയച്ചിരുന്നു. അതുപോലെതന്നെ ഇൻഡ്യൻ നാളികേരകമ്മിറ്റിയോടും കത്തിടപാടുകളും നടത്തിയിരുന്നു. നവംബർ 28-ാംനു-യാണു് ഇവിടെ ഇതുസംബന്ധിച്ചു വാദപ്രതിവാദം നടന്നതു്. ഈ സഭയിൽ അന്നുണ്ടായ അഭിപ്രായങ്ങളെ ആസ്പദമാക്കി ഗവമ്മെണ്ടു് ഒരു കത്തു് ഇൻഡ്യാഗവമ്മെണ്ടിനു് എഴുതിയിരുന്നു. ഈ വിഷയം ഈ സഭയിൽ വാദപ്രതിവാദത്തിനു് ഹാജരാക്കുന്നതിനു് മുമ്പുതന്നെ നാളികേര കൃഷിക്കാരുടെ താല്പര്യം സംബന്ധിച്ചു എഴുത്തുകുത്തുകളും നടത്തിയിരുന്നുവെന്നുള്ളതാണു് പരമാർത്ഥം. ഇപ്പോൾ ശ്രീമാൻ പാപ്പു അവർകളും ഉന്നയിച്ചിരിക്കുന്ന മറ്റൊരുവാദം ഒക്ടോബർ 28-ാംനു-തന്നെ ഇൻഡ്യാഗവമ്മെണ്ടും സിലോൺ ഗവമ്മെണ്ടും തമ്മിൽ ടെയിഡ് എഗ്രിമെൻറു് നടന്നുഎന്നും അക്കാര്യത്തെപ്പറ്റി നമ്മുടെ ഗവമ്മെണ്ടു് വേണ്ടുവോളം ശ്രദ്ധ പതിപ്പിച്ചു് അറിയുന്നതിനു ശ്രമിച്ചില്ലെന്നും ആണു്. എനിക്കു് കാണാനിടയായിട്ടുള്ള റിക്കാർഡുകളിൽനിന്നും അറിയാൻ സാധിക്കുന്നതു് ഒക്ടോബർ 28-ാംനു ഒരു ജനറൽ എഗ്രിമെൻറു് ഉണ്ടായി എന്നാണു്. അതു പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ അതു സിലോൺ ഗവമ്മെണ്ടിന്റെ അംഗീകാരത്തിനു വിധേയമായിരുന്നില്ല. സിലോൺ ഗവമ്മെണ്ടു് അംഗീകരിച്ചതിനുശേഷം മാത്രമെ ടെയിഡ് എഗ്രിമെൻറായി അംഗീകരിക്കാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. ഇതു ഡിസംബർ 19-ാംനു- ആണു്. ഇൻഡ്യാഗവമ്മെണ്ടു് അധികൃതമായി പ്രസ്താവിച്ചതു്. അതിനുശേഷം മാത്രമെ അതിനു് നിയമസാധുതപം ഉണ്ടായുള്ളൂ. ആ നിലയിൽ അങ്ങനെയൊരു എഗ്രിമെൻറ് ഉണ്ടായതായി അറിവില്ലെന്ന അതിനുമുമ്പു പറഞ്ഞതു് തികച്ചും ശരിയാണെന്നാണു് എനിക്കു പറയാനുള്ളതു്. ഇതു് എങ്ങനെ ഈ രാജ്യത്തെ കേരകർഷകരെ ബാധിച്ചുവെന്നുള്ളതാണു് പ്രധാനപ്രശ്നം. അന്നു കണ്ടിയ്ക്കുന്നു 100 രൂപയ്ക്കു് പുറത്തുണ്ടായിരുന്ന തേങ്ങയെണ്ണയുടെ വില ഇന്നും അതുതന്നെയാണു്. അതുകൊണ്ടു് ടെയിഡ് എഗ്രിമെൻറു് നടപ്പിൽ വന്നോ ഇല്ലയോ എന്നുള്ള സംഗതി പ്രത്യേകമായിരിക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുള്ള കേരകർഷകരെ അതു് യാതൊരു തരത്തിലും ബാധിച്ചിട്ടില്ല. മാത്രവുമല്ല ജനുവരി ന്യ-ാംന-യിലുള്ള ഹിന്ദു പത്രത്തിലെ ഒരു കുറിപ്പിൽ സിലോൺ ഗവമ്മെണ്ടു് ഇൻഡ്യയിലേക്കു കൊപ്രാ ഇറക്കുമതിചെയ്യാൻ തയാറില്ലെന്നു കണ്ടു. സിലോൺ ഗവമ്മെണ്ടു് ടെയിഡ് എഗ്രിമെൻറ് സ്വീകരിച്ചിട്ടുണ്ടോ എന്നുള്ളതു സംശയകരമായിട്ടാണിരിക്കുന്നതു്. ഇറക്കുമതിയെ തടയുന്ന ഒരു നിയമംപോലും സിലോണിൽ ഉണ്ടെന്നാണു് എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്.

ഇതു് എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ള രേഖകളിൽനിന്നു് ഇൻഡ്യയിലെ ഡെഫിസിറ്റ് ഏതാണ്ടു് ൨,൭ ൦,൦൦൦ ടൺ ആണെന്നു പറയാൻ സാധിക്കും. ൩,൭൦,൦൦൦ ടൺ ആണു് ഇവിടെ ആവശ്യമുള്ളതു്. ഇവിടെ ഉല്പാദിപ്പിക്കുന്നതു് ൨,൦ ൦,൦൦൦ ടണ്ണാണു്. അങ്ങനെയിരിക്കെ സിലോണിൽനിന്നും കുറച്ചു ഇവിടെ ഇറക്കുമതി ചെയ്താൽ ഇവിടത്തെ വിലയെ എങ്ങനെ ബാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ൨൦,൦൦൦ ടൺ ആണു് ഇറക്കുമതിചെയ്യാൻ അനുവദിക്കപ്പെട്ടിരിക്കുന്നതു്. അതും നാല കപ്പാട്ടറിലായിട്ടാണു് ഇറക്കുമതിചെയ്യേണ്ടതു്. ആദ്യത്തെ രണ്ടു കപ്പാട്ടിൽ ൮,൦൦ ൦-ം പിന്നത്തെ കപ്പാട്ടുകളിൽ ൩,൦൦ ൦-ം വീതമാണു് ഇറക്കുതി ചെയ്യേണ്ടതു്. അതിൽ ഒരു കപ്പാട്ടർ കഴിഞ്ഞു. ആ കപ്പാട്ടിൽ ഇറക്കുമതി ചെയ്തിട്ടില്ലെന്നാണു് എന്റെ അറിവു്. അങ്ങനെ ഇറക്കുമതി ചെയ്യാത്തതു് ലാപ്സായിപ്പോകും. അതുകൊണ്ടു് അതു് പിന്നീടു് ഇറക്കുമതി ചെയ്യാനുള്ള സാദ്ധ്യതയില്ല. ഇതെല്ലാമാണു് വസ്തുതകൾ. യാതൊരു പ്രയോജനവുമില്ലാതെ ഇതു വാദപ്രതിവാദവിഷയമാക്കിക്കണ്ടതിൽ എനിക്കു ഖേദമുണ്ടു്.

ശ്രീ. എം. ഐ. പാപ്പു : സർ, ഒരു പോയിൻറ് ആഫ് ആർഡർ. യാതൊരു പ്രയോജനവുമില്ലാതെ കൊണ്ടുവന്നതാണെന്നു് മന്ത്രി അവർകളും പറഞ്ഞതു പാർലിമെൻറിന്റെ സമ്പ്രദായത്തിനു യോജിച്ചതാണോ?

മിസ്റ്റർ സ്പീക്കർ : പ്രയോജനമില്ലാത്ത കാര്യമാണെന്നു മന്ത്രിക്കു ബോദ്ധ്യമുള്ളതാണെങ്കിൽ അപ്രകാരം പറയുന്നതിൽ തെറ്റില്ല.

ശ്രീ. എം. ഐ. പാപ്പു : എന്റെ വാദത്തിൽ ഒക്ടോബർ ൨൭-ാംന- സിലോൺ ഗവമ്മെണ്ടും ഇൻഡ്യാഗവമ്മെണ്ടുമായി ഒരു എഗ്രിമെൻറ് ചെയ്തിട്ടുണ്ടെന്നു് പറഞ്ഞതു ഫൈനൽ അല്ലെന്നും താൽക്കാലികമായിട്ടാണെന്നും മന്ത്രി അവർകളും പറയുകയുണ്ടായി.

Mr. Speaker: What is the point of order? No explanatory statement can be allowed.

ശ്രീ. എം. ഐ. പാപ്പു : അങ്ങിനെ രേഖാമൂലം തെളിയിക്കുന്ന ഒരു സംഗതിയെ സംബന്ധിച്ചു് അതു പ്രയോജനമില്ലാത്തതാണെന്നു് പറയുന്നതു ശരിയാണോ?

മിസ്റ്റർ സ്പീക്കർ : പ്രയോജനമില്ലെന്നു മന്ത്രിക്കു് ബോദ്ധ്യം വന്നാൽ ആ അഭിപ്രായം വെളിപ്പെടുത്തുന്നതിൽ തെറ്റില്ല.

ശ്രീ. എൻ. കുഞ്ഞുരാമൻ : ശ്രീ. ഇയ്യു അവർകളും പറഞ്ഞതുപോലെ നാലായിരം ടൺ ബീറ്റിൽനട്ട ഇംപോർട്ട് ചെയ്യുന്നതു സംബന്ധിച്ചു പ്രത്യേകമായി നിവേദനങ്ങളും ഒന്നും ഗവമ്മെണ്ടിന്റെ കൈയിൽ കിട്ടിട്ടില്ല. ആവശ്യമാണെന്നു തോന്നുന്നപക്ഷം ഈ ഗവമ്മെണ്ടു ഇൻഡ്യാ ഗവമ്മെണ്ടുമായി നിവേദനം നടത്തുന്നതിനു തയാറാണു്.

ശ്രീ. സി. വി. ഇയ്യു : ബീറ്റിൽനട്ടിന്റെ വില കുറഞ്ഞു പോയിട്ടുണ്ടെന്നു ഗവമ്മെണ്ടിനറിയാമോ?

Mr. Speaker: No. question. There is no provision for such questions. The member in charge has answered and sat down. Has the member anything to say about that statement?

Sri. M. I. Paul : Yes, Sir.

ഈ ടേഡ് എഗ്രിമെൻറ് ഒക്ടോബർ ൨൭-ാംന- അല്ല നടന്നതു് എന്നു പറഞ്ഞതു ശരിയാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു സിലോൺ ഗവമ്മെണ്ടു് റാറ്റിഫൈ ചെയ്തിട്ടില്ലാ എന്നാണു പറഞ്ഞതു്. അതു റാറ്റിഫൈ ചെയ്തു നടപ്പിലാക്കിയിട്ടുണ്ടോ എന്നു സംശയ

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. Kunjuraman]

മാണ്. ഇൻഡ്യാഗവമ്മെണ്ടു് സിലോൺ ഗവമ്മെണ്ടുമായി ഒരു ട്രെഡ്ഡ് എഗ്രിമെൻറുണ്ടായിട്ടുണ്ടെന്നുള്ളതുതന്നെ ഡിസംബർ വ്യാഴം യാണ് പബ്ളിഷ് ചെയ്തിട്ടുള്ളതു്. ആ എഗ്രിമെൻറിനു് ഇരു ഗവമ്മെണ്ടുകളുടേയും സമ്മതം ലഭിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല.

Mr. Speaker: Order, order. No more discussion can be allowed. The member seated in his seat is making observations.

Sri. M. I. Paul : I want to make a statement on that point, Sir.

Mr. Speaker: Order, order, Action may have to be taken against the member.

മെമ്പർ ഇരുന്നുകൊണ്ടു് തുടർച്ചയായി പ്രസ്താവനചെയ്യുന്നതായി ഞാൻ കണ്ടു. അതു ശരിയല്ല. മേലാൽ അങ്ങിനെ ചെയ്യുന്നതല്ലെന്നു സഭയെ അറിയിക്കുകയും ഇരുന്നുകൊണ്ടു തുടർച്ചയായി സംസാരിച്ചതിൽ സഭയോടു് പ്രത്യക്ഷമാക്കിയ അവഹേളനത്തിനു് സഭയോടു് ക്ഷമായാചനം ചെയ്യുകയും വേണ്ടതാണു്.

ശ്രീ. എം. ഐ. പോൾ : ഇരുന്നുകൊണ്ടു് സംസാരിക്കുന്നതു് ശരിയല്ല.

മിസ്റ്റർ. സ്പീക്കർ : അതു മാത്രം പോര. സഭയോടു ക്ഷമായാചനം ചെയ്യണം.

ശ്രീ. എം. ഐ പോൾ : ഇരുന്നുകൊണ്ടു സംസാരിക്കുന്നതു ശരിയല്ല. അതിനു ഞാൻ സഭയോടു ക്ഷമായാചനം ചെയ്തുകൊള്ളുന്നു.

Mr. Speaker : The House will now adjourn and meet again after half an hour.

The assembly adjourned at 4-50 p.m. and re-assembled at 5-20 p.m. with Mr. Speaker in the Chair,

ശ്രീ. എം. ഐ. പോൾ : സർ ഒരു പോയിൻറ് ഓഫ് ആർഡർ എന്റെ വാദത്തിനു് വിഷയമാക്കിയ ഒരു എഗ്രിമെൻറിന്റെ ശരിപകർപ്പു് ഇവിടെ ഹാജരാക്കിയപ്പോൾ അതു വിശ്വാസയോഗ്യമല്ല എന്നു പറഞ്ഞു് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതു് ശരിയാണോ?

മിസ്റ്റർ സ്പീക്കർ : ഇതു മുമ്പു ചോദിച്ചു ചോദ്യമാണോ? പ്രയോജനമില്ലാത്തതാണെന്നു് പറഞ്ഞതു സംബന്ധിച്ചുള്ള ചോദ്യമാണോ?

ശ്രീ. എം. ഐ. പോൾ : അതല്ല സർ, വേറെയാണു്. ശരിയായ ഒരു ലക്ഷ്യം വിശ്വാസയോഗ്യമല്ലെന്നു പറയുന്നതു ശരിയാണോ? അതാണു് എന്റെ പോയിൻറ് ഓഫ് ആർഡർ.

മിസ്റ്റർ സ്പീക്കർ : വിശ്വാസയോഗ്യമല്ലെന്നുള്ള പേടപ്രയോഗം ആക്ഷേപാർഹമല്ല.

ശ്രീ. എം. ഐ. പോൾ : സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഒരു ഗവമ്മെണ്ടിൽനിന്നും ലഭിച്ച ഒരു പകർപ്പുലക്ഷ്യം വിശ്വാസയോഗ്യമല്ലെന്നു പറയുന്നതു ശരിയാണോ?

മിസ്റ്റർ. സ്പീക്കർ : വിശ്വാസയോഗ്യമല്ലെന്നു തോന്നിയാൽ അതു വിശ്വാസയോഗ്യമല്ലെന്നു പറയാം. അതു വിശ്വാസയോഗ്യമാണെന്നു തെളിയിക്കാൻ അതു ഹാജരാക്കിയമെമ്പർക്കു അവകാശമുണ്ടു്.

ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ചോദിച്ചുചോദ്യം വീണ്ടും ഭേദത്തിച്ചു ചോദിക്കുന്നതിനു മുമ്പാതെ വരുമ്പോൾ ആ ചോദ്യം ഒരു പോയിൻറ് ഓഫ് ഓർഡർ ആയി രൂപാന്തരപ്പെടുത്തി ചോദിക്കുന്നതു ശരിയല്ല.

ശ്രീ. എം. ഐ. പോൾ : ഒരു ഗവമ്മെണ്ടിനെ സംബന്ധിച്ചുള്ള ഒരു കാര്യം വേറെ ഒരു ഗവമ്മെണ്ടു വിശ്വാസയോഗ്യമല്ല എന്നു പറയുന്നതു ശരിയാണോ? ഗവമ്മെണ്ടു് വിശ്വാസയോഗ്യമല്ല എന്നു പറഞ്ഞു സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും ശരിയാണോ?

മിസ്റ്റർ സ്പീക്കർ : സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല.

No more discussion ; that matter is closed.

LIBRARY ARCHIVES Kerala Legislative Assembly